## 2010 ഏപ്രിൽ 18

# ഉയിർപ്പിനുശേഷം രണ്ടാം ഞായർ

## യോഹ 21:1-14

ഫാ. ഷീൻ പാലക്കുഴി

ജീവിക്കുന്ന ദൈവത്തിലുള്ള വിശ്വാസം ജീവിതത്തിന്റെ ഗതിവിഗതികളെയും മനോഭാവങ്ങളെയും വഴിത്താരകളെയും വ്യത്യസ്തമാക്കുമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു സുവിശേഷഭാഗമാണിത്. ദൈവമെന്ന് വിശ്വസിച്ച് തങ്ങൾ ആരുടെ കൂടെ നടന്നുവോ ആ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നഷ്ടപ്പെട്ടുവെന്ന് ശിഷ്യന്മാർ വിശ്വസിക്കാൻ തുടങ്ങിയ ഒരു രാത്രിയിൽ അവർക്ക് നഷ്ടപ്പെടുന്ന തിരിച്ചറിവുകളുടെ പശ്ചാത്തലത്തിൽ നമുക്ക് ഈ ഭാഗം ധ്യാനിക്കാം.

ക്രിസ്തുവിന്റെ മരണം ശിഷ്യന്മാർക്ക് നൽകിയത് അനിശ്ചിതത്വത്തിന്റെ നാളുകളാണ്. ക്രിസ്തു ഇനി ഉയിർക്കുമോ ഇല്ലയോ എന്നത് അവരുടെ ജീവിതത്തിന്റെ തന്നെ നിലനിൽപ്പിനെ ബാധിക്കുന്ന ഒരു പ്രശ്നമായി അവർക്കു തോന്നി. ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവരുടെ മുന്നിലെത്താൻ വൈകിയ ഓരോ നിമിഷത്തിലും അവരുടെ വിശ്വാസം പടിപടിയായി ക്ഷയിച്ചുകൊണ്ടിരുന്നു. ക്രിസ്തു ഒപ്പമുണ്ടായിരുന്ന നിമിഷങ്ങളത്രയും ഒരു സ്വപ്നമെന്നപോലെ അവർ മറന്നു. ഒന്നുമല്ലാത്ത തങ്ങളെ, കൂടെ കൊണ്ടു നടന്ന് പരിപാലിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഗുരുനാഥനെ ജീവിതത്തിന്റെ ഇരുണ്ടരാത്രികളിൽ അവർ വിസ്മരിച്ചു. ആ ക്രിസ്തുനാഥൻ ആരുമല്ലാത്ത ഒരു ജീവിതത്തിന്റെ ഉടമസ്ഥനായി നിന്നുകൊണ്ടാണ് പത്രോസ് പറയുന്നത്, "ഞാൻ മീൻ പിടിക്കാൻ പോവുകയാണ്." കൂടെയുണ്ടായിരുന്ന ശിഷ്യഗണങ്ങൾ ആ നേതൃശബ്ദത്തിന് "ആമ്മീൻ" പറഞ്ഞു. അങ്ങനെ വീണ്ടും അവർ കടലിലേക്കിറങ്ങി. ജീവിതത്തിലെ ഒരു മടക്കയാത്രം. ലക്ഷ്യംമറന്നുള്ള തീരുമാനവും അതിനനുസരിച്ചുള്ള പ്രവൃത്തിയും അവരെ കൊണ്ടെത്തിക്കുന്നത് പഴയസാഹചര്യത്തിലേയ്ക്കാണ്.

ഇവിടെ പത്രോസിനും കൂടെയുള്ളവർക്കും നഷ്ടപ്പെട്ടത് തങ്ങളുടെ ജീവിത നിയോഗത്തെക്കുറിച്ചുള്ള തിരിച്ചറിവാണ്. മത്സ്യം പിടിക്കുന്ന തങ്ങളെ മനുഷ്യരെ പിടിക്കുന്നവരാകാൻ വിളിച്ചുകൊണ്ടുപോയി നിയോഗമേൽപ്പിച്ചവനെ അവർ മറന്നു. നിയോഗം നഷ്ടപ്പെടുക എന്നാൽ സ്വയം ആരാണെന്ന് മറന്നു പോവുന്നു എന്നാണർത്ഥം. ദൈവവിശ്വാസമില്ലാത്ത മനുഷ്യനു സംഭവിക്കുന്ന ഒന്നാമത്തെ ദുരന്തമാണിത്. തന്നെത്തന്നെ മറന്നുപോവുക! താൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണെന്നും സൃഷ്ടിയുടെ മകുടമാണെന്നും മറന്നു പോവുന്ന അവസ്ഥ. ദൈവത്തിന്റെ ഛായയുടെ പൂർണതയിലേയ്ക്ക് വിളിക്കപ്പെട്ടവരാണെന്ന തിരിച്ചറിവ് നഷ്ടപ്പെട്ടുപോകുന്നവർ ജീവിതലക്ഷ്യവും ജീവിതാവബോധവും നഷ്ടപ്പെട്ടപ്പവരാണ്. അങ്ങെയുള്ളവരാണ് ദൈവത്തിൽ നിന്നും ദൈവീക പദ്ധതികളിൽ നിന്നും അകന്നുപോകുന്നത്. ദൈവത്തെ കൂടെ ജീവിതം പടുത്തുയർത്താൻ ശ്രമിക്കുന്നവർ അന്ധകാരാവൃതമായ ആഴിയിൽ വ്യർത്ഥമായി അദ്ധ്വാനിക്കുന്ന ഈ ശിഷ്യന്മാർക്കു തുല്യമാണ്. നിയോഗങ്ങൾക്ക് ദൈവിക പിന്തുണയില്ലാതാവുമ്പോൾ അദ്ധ്വാനത്തിന് ഫലങ്ങളില്ലാതാവും. തന്നെ തന്നെ നഷ്ടപ്പെടാതിരിക്കാൻ ജീവിക്കുന്ന ദൈവത്തിൽ വിശ്വസിക്കണമെന്ന് സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശ്വാസം ക്ഷയിച്ച ശിഷ്യന്മാർക്ക് നേരിടേണ്ടി വന്ന മറ്റൊരു ദുരനുഭവമാണ് സാധാരണ ജീവിതാനുഭവങ്ങളിൽ ദൈവസാന്നിദ്ധ്യം കാണാൻ കഴിയുന്നില്ല എന്നത്. വലിയ കാര്യങ്ങളിൽ മാത്രം ദൈവത്തിന്റെ കരം കാണാൻ ശ്രമിക്കുന്ന നമ്മുടെയൊക്കെ പ്രതിനിധികളാണ് ഈ ശിഷ്യന്മാർ. വിജയത്തിലും പരാജയത്തിലും ഒരു പോലെ ദൈവസാന്നിദ്ധ്യം നാം തിരിച്ചറിയണം. നേട്ടത്തിലും കോട്ടത്തിലും ദൈവത്തിന്റെ ഇടപെടൽ നാം മനസിലാക്കണം. സമ്പത്തിലും

ദാരിദ്ര്യത്തിലും ദൈവീക പദ്ധതി നാം കണ്ടെത്തണം. സുഖത്തിലും രോഗത്തിലും ദൈവത്തിന്റെ കാരുണ്യം നാം അനുഭവിക്കണം. കാരണം, അവിടുന്ന് അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല.

അദ്ധ്വാനങ്ങൾ പാഴായിപ്പോയ രാത്രിയിൽ ക്രിസ്തു തന്നെ നേരിട്ട് മുന്നിൽ വന്നിട്ടും അവനെ തിരിച്ചറിയുന്നതിൽ ശിഷ്യന്മാർ പരാജയപ്പെട്ടു. അവർക്ക് ക്രിസ്തുവിനെ തിരിച്ചറിയാൻ അസാധാരണമായ ഒരടയാളം വേണ്ടിവന്നു. ക്രിസ്തു ഉയിർത്തുവെന്ന് ആത്മാവിൽ ബോധ്യം വരാൻ ഭൗതികമായ ഒരത്ഭുതം വേണ്ടിവന്നു എന്നത് ശിഷ്യന്മാരുടെ പരാജയമാണ്. സാധാരണ ജീവിതാനുഭവങ്ങളിൽ ദൈവത്തെക്കുറിച്ചോർക്കാൻ നമുക്ക് കഴിയാതെ പോകുന്നുവെങ്കിൽ നമ്മുടെ വിശ്വാസത്തിന് എവിടെയോ താളപ്പിഴകളുണ്ട്. അത്ഭുതങ്ങൾ നടക്കുന്ന ഇടങ്ങളിലും രോഗശാന്തി ശുശ്രൂഷകളിലും മാത്രം ദൈവത്തെ തിരയുന്നവർ വിശ്വാസം ക്ഷയിച്ചവരല്ലേ! സ്വന്തം ഭവനത്തിലും സ്വന്തക്കാരിലും ദൈവത്തെ കാണാൻ സാധിക്കാതെ തീർത്ഥാടനകേന്ദ്രങ്ങൾ തേടി മൈലുകളോളം യാത്രചെയ്യുന്ന നാം ഒരു നിമിഷം ചുറ്റിലും തിരിഞ്ഞുനോക്കുക. ക്രിസ്തു നമ്മെ തേടി ജീവിതത്തിന്റെ കരകളിൽ കാത്തിരിക്കുന്നു.

സാധാരണത്വങ്ങളിൽ, ദൈവത്തെ തിരിച്ചറിയുക. ചുറ്റിനും വീശിയെത്തുന്ന കുളിർക്കാറ്റിലും പാടുന്ന കിളികളിലും ഒഴുകുന്ന പുഴയിലും... അങ്ങനെ നമുക്കു ചുറ്റിലും കാണുന്ന പ്രപഞ്ചസത്യങ്ങളിലെല്ലാം ദൈവസാന്നിദ്ധ്യമുണ്ട്. വിശ്വസിക്കുക. മനുഷ്യനായി ജീവിക്കുക